# GAZETTE DATE : 30.11.2024
# LAST DATE : 01.01.2025

## CATEGORY NO: 443/2024 – 445/2024

FIRST NCA NOTIFICATION

[Direct Recruitment from SIUC Nadar, Scheduled Caste Converted to Christianity (SCCC) & Scheduled Caste Community]

Applications are invited from qualified candidates belonging to the reservation group of SIUC Nadar, Scheduled Caste Converted to Christianity [SCCC] & Scheduled Caste Community of Kerala State against NCA vacancy for selection to the following post. Applications must be submitted online through the official website of the Kerala Public Service Commission after "ONE TIME REGISTRATION".

1. **Name of Department** : **Excise**

2. **Name of Post** : **Excise Inspector (Trainee)**

**Note:** Differently Abled candidates are not eligible to apply in response to this notification

3. **Scale of pay** : **₹ 43,400 – 91,200/-**

4. **Number of vacancies** :

| Category No. | Caste | vacancies |
|---|---|---|
| 443/2024 | SIUC Nadar | 01 (One) |
| 444/2024 | SCCC | 01 (One) |
| 445/2024 | SC | 01 (One) |

**Note:** (i) The above vacancies are now in existence. The Ranked list published as per this notification will be valid until candidates are advised and appointed against the vacancies earmarked for the above community but remain unfilled due to the paucity of candidates during the currency of the Ranked list published on 28.12.2023 for the post (Category No.497/2019 Gazette Date 31.12.2019).

(ii) The name, age limit and qualification of this post has been prescribed as per G.O.(P).No.112/74/TD Dated 09.09.1974, G.O.(Ms).No.71/78/TD Dated 08.06.1978, G.O.(P).No.113/2008/TD Dated 04.06.2008 (SRO.No.587/2008), G.O.(P).No.178/2015/TD Dated 03.10.2015 (SRO.No.669/2015), G.O.(Ms).No.85/2017/TD Dated 03.10.2017.

5. **Method of appointment**

**Cat. No. 443/2024** : Direct Recruitment from among SIUC-Nadar Community only

**Cat.No. 444/2024** : Direct Recruitment from among Scheduled Caste Converted to Christianity [SCCC] community only

**Cat.No. 445/2024** : Direct Recruitment from among Scheduled Caste [SC] community only

**Note:-** Applications submitted by candidates belonging to communities other than the above will be summarily rejected.

6. **Age limit**

SIUC-Nadar Community & Scheduled Caste Converted to Christianity [SCCC] Community : **19-34.**

Only candidates born between 02.01.1990 and 01.01.2005 (both dates included) are eligible to apply for this post [including para 2 (i) of General Conditions].

**Note:-** In the case of adult members of Scheduled caste and their children converted to Christianity, the upper age limit shall be 36 years.

Scheduled Caste Community : **19-36.**

Only candidates born between 02.01.1988 and 01.01.2005 (both dates included) are eligible to apply for this post [including para 2 (i) of General Conditions].

[For other conditions regarding age relaxations, please see Para 2 of the General Conditions of the Gazette notification, except para 2 (i)]

7. **Qualifications:** :

**I) Educational Qualifications:-**

Must possess B.A, B.Sc or B.Com Degree of any recognized University or its equivalent. In the case of Ex-Servicemen, the minimum qualification shall be SSLC.

<u>Note:</u> (a) KS&SSR Part-II Rule 10 (a) (ii) is applicable.

(b) In addition to the qualifications prescribed in the Notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the special rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government Orders declaring equivalent/ higher qualifications shall be produced as and when required by the Commission.

**II) Physical Qualification:-**

**A)** Must be Physically Fit for strenuous outdoor work and should possess the following minimum physical standards:-

| | For Male Candidates | For Female Candidates |
|---|---|---|
| (i) | Height – 165 cm | Height – 152 cm |
| | Height – 160 cm [for SC candidates] | Height – 150 cm [for SC candidates] |
| (ii) | Chest – 81 cm (normal) | |
| | Chest expansion: 5 cm (minimum) | |

<u>Note:</u> No relaxation will be allowed to SC/ST candidates in the matter of chest measurement.

<u>Note:</u> NCC Certificate holders having 'A', 'B' and 'C' categories will be given weightage marks at the rate of 2% , 3% and 5% respectively.

**B)** Should be Certified to possess the Visual Standards specified below without glasses.

| | | Right Eye | Left Eye |
|---|---|---|---|
| (i) | Distant vision | 6/6 snellen | 6/6 snellen |
| (ii) | Near vision | 0.5 snellen | 0.5 snellen |

<u>Note:</u> (a) Each eye must have a full field of vision.

(b) Colour Blindness, Squint or any morbid condition of the eyes or lids of either eye shall be a disqualification.

(c) Should be free from apparent physical defects like Knock-knee, Flat Feet, Varicose veins, Bow legs, Deformed limbs, irregular and protruding teeth, defective speech and hearing etc..

(d) A Medical Certificate in the form given as **<u>APPENDIX-I</u>** of this notification, in original signed by a Medical Officer not below the Rank of a Civil Surgeon Gr.-II in Government Hospital certifying the Physical Fitness and Visual Standards shall be produced as and when called for by the Commission.

**III) Physical Efficiency Test:-**

In addition to the qualification prescribed above every candidate will be subjected to a Physical Efficiency Test. Candidates should qualify in at least five out of the following eight items of National Physical Efficiency One Star Standards Test with minimum standards noted against each.

**Physical Efficiency Test For Male Candidates**

| Sl.No. | Events | Minimum Standards of Efficiency |
|---|---|---|
| 1) | 100 Metres Run | 14 Seconds |
| 2) | High Jump | 132.20 cms (4’6”) |
| 3) | Long Jump | 457.20 cms (15’) |
| 4) | Putting the Shot (7264 gms) | 609.60 cms (20’) |
| 5) | Throwing the Cricket Ball | 6096 cms (200’) |
| 6) | Rope Climbing(only with hands) | 365.80 cms (12’) |
| 7) | Pull ups or Chinning | 8 times |
| 8) | 1500 Metres Run | 5 Minutes & 44 seconds |

**Physical Efficiency Test For Female Candidates**

| Sl.No. | Events | Minimum Standards of Efficiency |
|---|---|---|
| 1) | 100 Metres Run | 17 Seconds |
| 2) | High Jump | 106 cms (1.06 m) |
| 3) | Long Jump | 305 cm (3.05 m) |
| 4) | Putting the Shot (4 Kgs) | 488 cm (4.88 m) |
| 5) | 200 Metres Run | 36 seconds |
| 6) | Throwing the Throw Ball | 1400 cm (14 m) |
| 7) | Shuttle Race (25x4 metres) | 26 seconds |
| 8) | Skipping (one minute) | 80 times |

**Note:**

(a) Ex-Servicemen will be entitled to the relaxations contemplated in G.O.(Ms).No. 71/78/TD dated 08.06.1978 for Physical Efficiency Test.

(b) The Physical Measurement of the candidates will be taken prior to the Physical Efficiency Test and those who do not possess the prescribed Physical Measurements will not be admitted for the Physical Efficiency Test.

(c) If accidents or injuries happen to a candidate while participating in the Physical Efficiency Test, he/ she will not be given further chance to participate in the test.

(d) The tentative schedule of Physical Measurement & Physically Efficiency test will be published on 2025 January 15.

**8. Probation:-**

Every person appointed to this post shall from the date on which he/she joins duty be on probation for a period of two years on duty within a continuous period of 3 years

**9. Training:-**

Every person appointed as Excise Inspector (Trainee) by direct recruitment shall undergo training for a period of not less than twelve months as may be prescribed by the Commissioner of Excise. The period of training shall be counted for Probation and Increment, in tune with G.O.(Ms).No.185/2011/Home Dated 22.08.2011.

**10. Test:-**

Every person appointed to this post should pass Account Test (Lower), Excise Tests Parts A & B and District Office Manual/ Manual of Office Procedure, within the period of probation, if he/ she has not already passed them.

**11. Mode of Submitting applications:**

**(A)** Candidates shall register as per 'ONE TIME REGISTRATION ' system on the Official

Website of Kerala Public Service Commission 'www.keralapsc.gov.in' for applying for the post. Candidates who have registered shall apply by logging on to their profile using their User- ID and password. Candidates shall click on the 'Apply Now' button of the respective posts in the Notification link for applying for a post. Candidates who are creating new profile must upload photograph which is taken within six months. Name of the candidate and date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before applying for a post, candidates must ensure correctness of the information in their profile. They must quote the User- ID for further communication with the Commission. Applications once submitted will be received as provisional and particulars cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** Applications submitted not in accordance with the conditions of the notification will be summarily rejected if non compliance with the notification is found in due course of processing. Original documents to prove qualification, experience, community, age, etc., have to be produced as and when called for.

**(B)** If written/OMR/Online Test is conducted as part of this selection, candidates possessing requisite qualification as per Para 7 above alone shall submit a Confirmation for writing the examination through their One Time Registration profiles. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The application of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will given to the candidates in their respective profiles and in the mobile phone number registered in it.

**(C) The Examination Schedule and the Syllabus will be notified separately.**

**(D)** Candidates who have AADHAAR card should add AADHAAR card as ID Proof in their profile.

12. Last date for submission of applications :- **01.01.2025 Wednesday** upto 12.00 midnight.

13. Address to which applications are to be submitted: - www.keralapsc.gov.in

14. **Special Instructions to Candidates:-**

(A) In the case of difference in caste/ community claimed in the application and that entered in SSLC book, the candidate shall produce a Gazette notification in this regard, along with Community Certificate at the time of Certificate Verification.

(B) Candidates are required to acquaint themselves with the instructions given in the notification as Part-II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

(C) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc., and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/ practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

(For details including photo, ID card etc., refer the General Conditions given in Part II of the Gazette Notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

**APPENDIX-I**

## MEDICAL CERTIFICATE

[to be obtained from a Medical Officer not below the rank of a Civil Surgeon Gr.II]

I have this day, medically examined Sri/Smt…..................................................................... …..........................................................................................................................................................

(Name & Address) and found that he/she has no disease or infirmity which would render him unsuitable for Government Service and have capacity for outdoor work. His/Her age, according to his own statement is …………and by appearance is …........... His/Her standards of vision are as follows:-

| **I. STANDARDS OF VISION (without glasses)** | | |
|---|---|---|
| 1. Distant Vision | Right Eye | Left Eye |
| | ...........Snellen | ...........Snellen |
| 2. Near Vision | ...........Snellen | ...........Snellen |
| 3. Field of Vision | ..................... | ...................... |
| | [Specify whether Full or Not]<br>(Entry 'Normal', 'Good', Average, etc., will be inappropriate here) | |
| 4. Colour Blindness …..................................................................................... | | |
| 5. Squint ….......................................................................................................... | | |
| 6. Any morbid conditions of the Eye or Lids of either eye. …........................... | | |
| 7. Whether He/She is free from physical defects like Knock-knee, Flat foot, Varicose vein, Bow legs, Deformed limbs, Irregular and Protruding teeth and Defective speech and hearing. | | |
| **II. IDENTIFICATION MARKS** | | |
| 1. ………………………………….....................................………………… | | |
| 2. ……………………………………….....................................…………… | | |

He/She is Physically Fit for the post of Excise Inspector (Trainee) in Excise Department.

I certify to the best of my knowledge and belief that the applicant Sri/Smt.................................................................................................................(name & address) is the person herein above described and that the attached photograph has a reasonably correct likeness.

| Photo of the Candidate |
|---|

Signature
Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:
Date:

(Office Seal)

**Note:-** Details regarding Standards of vision should be clearly stated in the Certificate, as given above. Vague statements such as vision “normal”, “good”, “average” etc., will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the Certificate will not be accepted.

# കാറ്റഗറി നമ്പർ : 443/2024 – 445/2024

## ഒന്നാം എൻ.സി.എ വിജ്ഞാപനം

[SIUC നാടാർ വിഭാഗം, പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തവർ (SCCC) വിഭാഗം & പട്ടികജാതി (SC) വിഭാഗം എന്നിവരിൽ നിന്നും നേരിട്ടുള്ള നിയമനം]

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ SIUC നാടാർ വിഭാഗം, പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തവർ (SCCC) വിഭാഗം & പട്ടികജാതി (SC) സംവരണ വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺ ലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്.

1. **വകുപ്പ്** : **എക്സൈസ് വകുപ്പ്**

2. **ഉദ്യോഗപ്പേര്** : **എക്സൈസ് ഇൻസ്പെക്ടർ (ട്രെയിനി)**

   **<u>കുറിപ്പ്:</u>** ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹരല്ല.

3. **ശമ്പളം** : **₹ 43,400-91,200/-**

4. **ഒഴിവുകളുടെ എണ്ണം** :

| കാറ്റഗറി നമ്പർ | സമുദായം | ഒഴിവ് |
|---|---|---|
| 443/2024 | SIUC – നാടാർ | 01 (ഒന്ന്) |
| 444/2024 | SCCC | 01 (ഒന്ന്) |
| 445/2024 | SC | 01 (ഒന്ന്) |

**<u>കുറിപ്പ്:</u>** (i) മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ്, ഈ തസ്തികയുടെ (കാറ്റഗറി നമ്പർ 497/2019 ഗസറ്റ് തീയതി 31.12.2019) 28.12.2023-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേപ്പടി സമുദായത്തിന് വേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ, നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

(ii) G.O.(P).No.112//74/TD Dated 09.09.1974, G.O.(Ms).No.71/78/TD Dated 08.06.1978, G.O.(P).No.113/2008/TD Dated 04.06.2008 (SRO.No.587/2008), G.O.(P).No.178/2015/TD Dated 03.10.2015 (SRO.No.669/2015), G.O.(Ms).No.85/2017/TD Dated 03.10.2017 എന്നീ സർക്കാർ ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് തസ്തികയുടെ പേര്, പ്രായ പരിധി, യോഗ്യത എന്നിവ വിജ്ഞാപനം ചെയ്തിരിക്കുന്നത്.

5. **നിയമനരീതി**

**കാറ്റഗറി നമ്പർ: 443/2024** : നേരിട്ടുള്ള നിയമനം SIUC നാടാർ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.

**കാറ്റഗറി നമ്പർ: 444/2024** : നേരിട്ടുള്ള നിയമനം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തവർ (SCCC) സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.

**കാറ്റഗറി നമ്പർ: 445/2024** : നേരിട്ടുള്ള നിയമനം പട്ടികജാതി (SC) സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.

**<u>കുറിപ്പ്:</u>** ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

**6.** **പ്രായപരിധി**

| | | |
|---|---|---|
| SIUC നാടാർ വിഭാഗം & പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തവർ (SCCC) വിഭാഗം | : | **19–34.** ഉദ്യോഗാർത്ഥികൾ 02.01.1990–നും 01.01.2005–നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (I) ഉൾപ്പെടെ]. |

**കുറിപ്പ്:** പ്രായപൂർത്തിയായതിന് ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധി 36 വയസ് വരെ.

| | | |
|---|---|---|
| പട്ടികജാതി (SC) വിഭാഗം | : | **19–36.** ഉദ്യോഗാർത്ഥികൾ 02.01.1988–നും 01.01.2005–നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (I) ഉൾപ്പെടെ]. |

**കുറിപ്പ്:** [വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക, ഖണ്ഡിക 2 (i) ഒഴികെയുള്ളവ]

**7.** **യോഗ്യതകൾ** :

I) **വിദ്യാഭ്യാസ യോഗ്യത:–**

ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുമുള്ള ബി.എ, ബി.എസ്.സി, ബി.കോം ബിരുദമോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം. വിമുക്ത ഭടന്മാർക്ക്, കുറഞ്ഞ യോഗ്യത എസ്.എസ്.എൽ.സി മതിയാകുന്നതാണ്.

**കുറിപ്പ്:** (a) KS&SSR Part–II Rule 10 (a) (ii) ബാധകമാണ്.

(b) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

II) **ശാരീരിക യോഗ്യതകൾ:–**

**A)** ആയാസകരമായ പുറംജോലികൾ ചെയ്യുന്നതിനുള്ള ശാരീരിക ക്ഷമത ഉണ്ടായിരിക്കണം. കൂടാതെ ചുവടെ ചേർക്കുന്ന കുറഞ്ഞ ശാരീരിക യോഗ്യതകൾ കൂടി ഉണ്ടായിരിക്കണം.:–

| | **പുരുഷൻമാർ** | **സ്ത്രീകൾ** |
|---|---|---|
| (i) | ഉയരം – 165 സെ.മി | ഉയരം – 152 സെ.മി |
| | ഉയരം – 160 സെ.മി [SC വിഭാഗം ഉദ്യോഗാർത്ഥികൾക്ക്] | ഉയരം – 150 സെ.മി [SC വിഭാഗം ഉദ്യോഗാർത്ഥികൾക്ക്] |
| (ii) | നെഞ്ചളവ് – 81 സെ.മി (സാധാരണ) | |
| | നെഞ്ചളവ് (വികാസം) – 5 സെ.മി | |

**കുറിപ്പ്:** SC/ST ഉദ്യോഗാർത്ഥികൾക്ക് നെഞ്ചളവുമായി ബന്ധപ്പെട്ട് യാതൊരുവിധ ഇളവും അനുവദിക്കുന്നതല്ല.

**കുറിപ്പ്:** NCC–യുടെ A, B, C സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം 2%, 3%, 5% വെയിറ്റേജ് മാർക്ക് അനുവദിക്കുന്നതാണ്.

**B)** കണ്ണട ഇല്ലാതെ ചുവടെ ചേർക്കുന്ന വിധത്തിലുള്ള കാഴ്ചശക്തി ഉള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | | **വലത് കണ്ണ്** | **ഇടത് കണ്ണ്** |
|---|---|---|---|
| (i) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ii) | സമീപ കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്:** (a) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം

(b) വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരമായ അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(c) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള വൈകല്യങ്ങൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടാകുവാൻ പാടില്ല.

(d) ഒരു സർക്കാർ ആശുപത്രിയിലെ, സിവിൽ സർജൻ ഗ്രേഡ്–II റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും ശാരീരിക ക്ഷമത, കാഴ്ചശക്തി എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, **അനുബന്ധം–I** ആയി വിജ്ഞാപനത്തോടൊപ്പം ചേർത്തിട്ടുള്ള മാതൃകയിൽ, കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**III) കായിക ക്ഷമതാ പരീക്ഷ:–**

മുകളിൽ പ്രസ്താവിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ ഓരോ ഉദ്യോഗാർത്ഥിയെയും കായിക ക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ നാഷണൽ ഫിസിക്കൽ എഫിഷ്യൻസി വൺ സ്റ്റാർ നിലവാരത്തിലുള്ള ടെസ്റ്റിലെ ചുവടെ ചേർക്കുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) ഇനങ്ങളിൽ യോഗ്യത നേടിയിരിക്കണം.

**<u>പുരുഷ ഉദ്യോഗാർത്ഥികൾക്കുള്ള കായിക ക്ഷമതാ പരീക്ഷ</u>**

| ക്രമ നമ്പർ | ഇനങ്ങൾ | യോഗ്യത |
|---|---|---|
| 1) | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2) | ഹൈജമ്പ് | 132.20 cms (4'6") |
| 3) | ലോംഗ് ജമ്പ് | 457.20 cms (15') |
| 4) | പുട്ടിംഗ് ദ് ഷോട്ട് (7264 ഗ്രാം) | 609.60 cms (20') |
| 5) | ക്രിക്കറ്റ് ബാൾ ത്രോയിംഗ് | 6096 cms (200') |
| 6) | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 cms (12') |
| 7) | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8) | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

**<u>വനിതാ ഉദ്യോഗാർത്ഥികൾക്കുള്ള കായിക ക്ഷമതാ പരീക്ഷ</u>**

| ക്രമ നമ്പർ | ഇനങ്ങൾ | യോഗ്യത |
|---|---|---|
| 1) | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2) | ഹൈജമ്പ് | 106 cms (1.06 m) |
| 3) | ലോംഗ് ജമ്പ് | 305 cms (3.05 m) |
| 4) | പുട്ടിംഗ് ദ് ഷോട്ട് (4 കി.ഗ്രാം) | 488 cms (4.88 m) |
| 5) | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6) | ത്രോയിംഗ് ദി ത്രോ ബാൾ | 1400 cm (14 m) |
| 7) | ഷട്ടിൽ റേസ് (25x4 മീറ്റർ) | 26 സെക്കന്റ് |
| 8) | സ്കിപ്പിങ്ങ് (1 മിനിട്ട്) | 80 തവണ |

**<u>കുറിപ്പ്:</u>** (a) വിമുക്ത ഭടൻമാർക്ക് കായിക ക്ഷമതാ പരീക്ഷയിൽ G.O.(Ms).No.71/78/TD Dated 08.06.1978 സർക്കാർ ഉത്തരവ് അനുശാസിക്കും പ്രകാരമുള്ള ഇളവ് അനുവദിക്കുന്നതാണ്.

(b) ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

(c) കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

(d) ശാരീരിക അളവെടുപ്പ്, കായിക ക്ഷമത പരീക്ഷ എന്നിവ സംബന്ധിച്ച താത്കാലിക തീയതി 2025 ജനുവരി 15–ന് പ്രസിദ്ധീകരിക്കുന്നതാണ്.

**8. പ്രൊബേഷൻ:–**

നിയമനം ലഭിക്കുന്ന ഓരോരുത്തരും ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

9. **പരിശീലനം:-**

നേരിട്ടുള്ള നിയമനം വഴി എക്സൈസ് ഇൻസ്പെക്ടർ (ട്രെയിനി) ആയി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ എക്സൈസ് കമ്മീഷണർ അനുശാസിക്കും പ്രകാരം പന്ത്രണ്ട് മാസത്തിൽ കുറയാതെയുള്ള കാലത്തേയ്ക്ക് പരിശീലനത്തിന് വിധേയരാകേണ്ടതാണ്. G.O.(Ms).No.185/2011/Home Dated 22.08.2011 പ്രകാരം പരിശീലനകാലം പ്രൊബേഷനും, ഇൻക്രിമെന്റിനും കണക്കാക്കുന്നതാണ്.

10. **പരീക്ഷ:-**

ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നവർ, നിലവിൽ ടെസ്റ്റ് പാസ്സായിട്ടില്ലെങ്കിൽ, പ്രൊബേഷൻ കാലത്തിനുള്ളിൽ അക്കൗണ്ട് ടെസ്റ്റ് (ലോവർ), എക്സൈസ് ടെസ്റ്റ് പാർട്ട്- എ & ബി, ഡിസ്ട്രിക്ട് ഓഫീസ് മാന്വൽ/ മാന്വൽ ഓഫ് ഓഫീസ് പ്രൊസീജിയർ എന്നിവ പാസ്സായിരിക്കേണ്ടതാണ്.

11. **അപേക്ഷ അയയ്ക്കേണ്ട രീതി:**

(A) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID-യും password-ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now-ൽ മാത്രം click ചെയ്യേണ്ടതാണ്. പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/ print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ printout കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(B) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുള്ള യോഗ്യതയുള്ള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

(C) **പരീക്ഷാ ഷെഡ്യൂളും സിലബസും പ്രത്യേകം വിജ്ഞാപനം ചെയ്യുന്നതാണ്.**

(D) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

12. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: **01.01.2025 ബുധനാഴ്ച** അർദ്ധരാത്രി 12.00 മണി വരെ.

13. അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് അഡ്രസ്: www.keralapsc.gov.in

14. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:-**

**(A)** ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/ സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി/സമുദായം വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(B)** ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

**(C)** വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെമേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ഐ.ഡി കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

അനുബന്ധം–I

# MEDICAL CERTIFICATE

[to be obtained from a Medical Officer not below the rank of a Civil Surgeon Gr.II]

I have this day, medically examined Sri/Smt…...................................................................... …........................................................................................................................................................ (Name & Address) and found that he/she has no disease or infirmity which would render him unsuitable for Government Service and have capacity for outdoor work. His/Her age, according to his own statement is …………and by appearance is …........... His/Her standards of vision are as follows:-

| **I. STANDARDS OF VISION (without glasses)** | | |
|---|---|---|
| 1. Distant Vision | Right Eye | Left Eye |
| | ...........Snellen | ...........Snellen |
| 2. Near Vision | ...........Snellen | ...........Snellen |
| 3. Field of Vision | ..................... | ...................... |
| | [Specify whether Full or Not] (Entry 'Normal', 'Good', Average, etc., will be inappropriate here) | |
| 4. Colour Blindness …..................................................................................... | | |
| 5. Squint …........................................................................................................ | | |
| 6. Any morbid conditions of the Eye or Lids of either eye. …........................... | | |
| 7. Whether He/She is free from physical defects like Knock-knee, Flat foot, Varicose vein, Bow legs, Deformed limbs, Irregular and Protruding teeth and Defective speech and hearing. | | |
| **II. IDENTIFICATION MARKS** | | |
| 1. …………………………………......................................………………… | | |
| 2. ……………………………………….......................................…………… | | |

He/She is Physically Fit for the post of Excise Inspector (Trainee) in Excise Department.

I certify to the best of my knowledge and belief that the applicant Sri/Smt...................................................................................................................(name & address) is the person herein above described and that the attached photograph has a reasonably correct likeness.

Photo of the Candidate

Signature
Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:
Date:

(Office Seal)

**Note:-** Details regarding Standards of vision should be clearly stated in the Certificate, as given above. Vague statements such as vision "normal", "good", "average" etc., will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the Certificate will not be accepted.